Sri. P. S. Nataraja Pillai: May I know from the hon. Minister whether it is not a fact that the date stamp on the Gazette bears a date which is three days after the date of publication of the Gazette?

ശ്രീ. കെ. എം. കോര: അങ്ങനെയാണെങ്കിൽ അതിനു വേണ്ട പരിഹാരം ചെയ്യുന്നതാണ്.

Sri. P. S. Nataraja Pillai: I affirm that it is so, Sir.

Sri. K. M. Korah: It will be taken notice of.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ലേലത്തെ സംബന്ധിച്ചുള്ള പരസ്യം ശരിയായ സമയത്തു് പ്രസിദ്ധപ്പെടുത്താതെയിരിക്കുന്നതുകൊണ്ടു് ലേല നടപടി ശരിയായിട്ടല്ല നടത്തിയിരിക്കുന്നതെന്നു ഗവൺമെൻറു മനസ്സിലാക്കുമോ?

ശ്രീ. കെ. എം. കോര: പരസ്യം ശരിയായ സമയത്തുതന്നെയാണു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. അതുകൊണ്ടു് ലേലവും നടത്തി.

നൂൽ മൊത്തവ്യാപാരികൾ

*൨. (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലത്തു എത്ര നൂൽ മൊത്തവ്യാപാരികൾ ഉണ്ടു്; അവർ ആരെല്ലാം;

(ബി) കൊച്ചിൻ മഹാലക്ഷ്മി ടെക്സ്റ്റയിൽസ് റിട്ടയിൽ ലൈസൻസികൾക്കു് ക്ലിപ്തസമയത്തു് നൂൽ കൊടുക്കാതെ അവർക്കു നഷ്ടമുണ്ടാക്കിവയ്ക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) രണ്ടു്. ശ്രീ. ക്ഷേതലക്ഷ്മി വാച്ചുരാജും കൊച്ചിൻ മഹാലക്ഷ്മി കാട്ടൺ മിൽസുകാരുടെ മൊത്ത വ്യാപാരശാലയും.

(ബി) ഉണ്ടു്. പരാതി അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആരാണു് പരാതി അയച്ചതു്?

ശ്രീ. കെ. എം. കോര: ബഹു. മെമ്പർതന്നെ പരാതി അയച്ചിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ വ്യാപാരികൾ അനധികൃതമായി നൂൽ വിതരണം ചെയ്യുന്നതുകൊണ്ടും വേണ്ട സമയത്തു് നൂൽ വിതരണം ചെയ്യാതുകൊണ്ടും ജനങ്ങൾക്കു വളരെ അസൌകര്യവും നഷ്ടവും ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. എം. കോര: അതിനെപ്പറ്റി ഗവൺമെൻറു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വലനെയ്യുന്നതിനു് ആവശ്യമായ നൂൽ ഇപ്പോൾ കിട്ടുന്നില്ലാ എന്നുള്ള പരാതി ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും പരാതി ഉണ്ടു്.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ: ഇവിടെ വരുന്ന നൂൽ പുറത്തു പോകുന്നതായി വല്ല പരാതിയും ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും കേൾക്കുന്നുണ്ടു്. പക്ഷെ അക്കാര്യം ഈ ഗവൺമെൻറിന്റെ കൺവെട്ടത്തിൽ പെടുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly